**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3018** **03-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീര ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ എന്തൊക്കെ തുടർ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ? | (എ) | പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപയുടെ വിവിധ പദ്ധതി ഘടകങ്ങൾ ഉൾപ്പെടുന്ന ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി. ക്ഷീരഗ്രാമ പദ്ധതിയിലെ ഘടക പദ്ധതികളായ പശു വാങ്ങൽ, കാലിത്തൊഴുത്ത് നിർമ്മാണം, അവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം എന്നിവയുടെ ധനസഹായം ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ